നമ്പർ. എസ്.സി.റ്റി(1)23354/05. സഹകരണസംഘം രജിസ്ട്രാർ ആഫീസ്,

തിരുവനന്തപുരം, 14. 6. 2005.

സർക്കുലർ നമ്പർ. 16/05

വിഷയം:- പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ പ്ളാൻ സ്കീം അനുസരിച്ചുള്ള ധനസഹായത്തിന് അപേഷ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടികളെ സംബന്ധിച്ച്

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പട്ടികജാതി / പട്ടിക വർഗ്ഗ സംഘങ്ങളിൽ നിന്നും പ്ലാൻ സ്കീം അനുസരിച്ചുള്ള അപേക്ഷകൾ ക്രമാതീതമായി ഈ ആഫീസിൽ ലഭിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇപ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകൾ ആവശ്യമായ പരിശോധനകൾ നടത്താതെയാണ് ജോയിന്റ് രജിസ്ട്രാർ ആഫീസുകളിൽ നിന്നും ഈ ആഫീസിലേയ്ക്ക് അയച്ചുതരുന്നത്. ബന്ധപ്പെട്ട സംഘങ്ങളുടെ നിലവിലുള്ള പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നിർദ്ദേശം അപേക്ഷകളോടൊപ്പം ഉണ്ടാകാറില്ല. മാത്രവുമല്ല പുതിയ പ്രൊജക്ടുകൾ സമർപ്പിക്കുമ്പോൾ അതിന്റെ പ്രയോഗികത, കാര്യക്ഷമത, എന്നിവ വിലയിരുത്താറുമില്ല. അതുകൊണ്ട് സഹകരണസംഘങ്ങൾ സമർപ്പിക്കുന്ന അപേക്ഷ ക്രമപ്രകാരമാണ് എന്ന് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ) സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് ചട്ടം പരിശോധിച്ചുവേണം ഇപ്രകാരം ചെയ്യേണ്ടത്. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്രൊജക്ട് റിപോർട്ട്, ഭരണസമിതി തീരുമാനം അഴിമതി രഹിത കുടിശ്ശികരഹിത സർട്ടിഫിക്കറ്റുകൾ, ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ബൈലാ, എന്നിവയെല്ലാം യഥാക്രമമാണോ വേണ്ട അളവിൽ ഉണ്ടോ എന്നും പരിശോധിച്ചു കൃത്യമായി സാക്ഷ്യപ്പെടുത്തി അയച്ചുതരേണ്ടതാണ്. സംഘം സമർപ്പിക്കുന്ന പദ്ധതി റിപ്പോർട്ട് പ്രായോഗികമാണോ എന്നും സംഘത്തിന്റെ നഷ്ടം നികത്താൻ സാധിക്കുന്ന പ്രൊജക്ട് ആണോ എന്നും പരിശോധിച്ച് വ്യക്തമായ ശുപാർശയോടെ വേണം അപേക്ഷ പരിഗണിക്കാൻ അയച്ചുതരേണ്ടതെന്ന് കർശന നിർദ്ദേശം നൽകുന്നു. അപേക്ഷയോടൊപ്പം നിർദ്ദിഷ്ട പ്രൊജക്ട് നിലവിലുള്ള പ്രവർത്തനം എന്നിവ സംബന്ധിച്ച് വിശദമായ അവലോകന റിപ്പോർട്ട് എസ്. സി./ എസ്. റ്റി അസിസ്റ്റന്റ് രജിസ്ട്രാർ തയാറാക്കി ജോയിന്റ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തി അയച്ചുതരേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ എല്ലാ ജോയിന്റ് രജിസ്ട്രാർമാരും അസിസ്ററന്റ് രജിസ്ട്രാർമാരും കർശനമായി പാലിക്കേണ്ടതാണ്.

ഒപ്പ്

കെ.കേശവൻ,

സഹകരണസംഘം രജിസ്ട്രാർ -ഇൻ-ചാർജ്.

പകർപ്പ്:- 1.എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.

2.സഹകരണവീഥി.

3. സ്റ്റോക്ക് ഫയൽ .

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി .

ആർ. എസ്. 23.6.05.